**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - പെരിന്തൽമണ്ണ നിയോജക മണ്ഡലം - താലൂക്ക് ഓഫീസിൽ അലുമിനിയം ഫാബ്രിക്കേറ്റഡ് കൗണ്ടറുകൾ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 9658/2017/ധന തീയതി, തിരുവനന്തപുരം,28.12.2017

പരാമർശം : 1. 27.05.2004-ലെ സ.ഉ.(പി) നം. 247/2004/ധന ഉത്തരവ്.
2. ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ. ബഹു. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് 05.12.2017 ന് നൽകിയ കത്ത്.

## ഉത്തരവ്

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ താലൂക്ക് ഓഫീസിൽ അലുമിനിയം ഫാബ്രിക്കേറ്റഡ് കൗണ്ടറുകൾ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ. പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ താലൂക്ക് ഓഫീസിൽ അലുമിനിയം ഫാബ്രിക്കേറ്റഡ് കൗണ്ടറുകൾ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ.യുടെ 2015-16 ലെ പ്രത്യേക വികസന നിധിയിൽ നിന്നും 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിന്ദുറാണി.സി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ, മഞ്ഞളാംകുഴി ഹൗസ്, പനങ്ങാങ്ങര, രാമപുരം.പി.ഒ, മലപ്പുറം - 679350
4. ജില്ലാ കളക്ടർ, മലപ്പുറം
5. ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No. NC-B1/159/2017-FIN)

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**